**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1617** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പാചകവാതക സിലിണ്ടറുകളുടെ ബുക്കിംഗ് കാലയളവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ദീപക് ജോയ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ദ്രവീകരിച്ച പാചകവാതക സിലിണ്ടറുകളുടെ ബുക്കിംഗ് കാലയളവ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയിലേതിന് സമാനമായി ഇപ്പോഴുള്ള നാൽപ്പത്തിയഞ്ച് ദിവസത്തിന് പകരം ഇരുപത്തഞ്ച് ദിവസമാക്കാൻ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പശ്ചിമേഷ്യൻ യുദ്ധത്തെ തുടർന്നുണ്ടായ LPG സിലിണ്ടറുകളുടെ പ്രതിസന്ധി കാരണം ഗാർഹിക സബ്സിഡി സിലിണ്ടറുകളുടെ ദുരുപയോഗം തടയുകയും യഥാർത്ഥ ഗാർഹിക ഉപഭോഗത്തിന് മാത്രമായി വിതരണം ഉറപ്പാക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് നിലവിൽ LPG സിലിണ്ടർ റീഫിൽ ബുക്കിംഗിനുള്ള കുറഞ്ഞ ഇടവേള നഗര പ്രദേശങ്ങളിൽ 25 ദിവസവും ഗ്രാമ പ്രദേശങ്ങളിൽ 45 ദിവസവുമായി നിജപ്പെടുത്തിയിട്ടുള്ളത് . ഈ വ്യവസ്ഥ എല്ലാ എണ്ണ വിപണന കമ്പനികൾക്കും (IOC, BPCL, HPCL) ബാധകമാണ്. ഗാർഹിക LPG സിലിണ്ടറുകളുടെ ബുക്കിംഗ് കാലയളവ് നിശ്ചയിക്കുന്നത് കേന്ദ്ര പെട്രോളിയം-പ്രകൃതി വാതക മന്ത്രാലയത്തിന്റെയും എണ്ണ വിപണന കമ്പനികളുടെയും അധികാരപരിധിയിലാണ്.

ഒരു സിലിണ്ടർ വിതരണം ചെയ്ത് തീയതി മുതൽ നിശ്ചിത ദിവസങ്ങൾ കഴിഞ്ഞ ശേഷമേ അടുത്ത ബുക്കിംഗ് അനുവദിക്കൂ എന്ന വ്യവസ്ഥ സബ്സിഡി സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കായുള്ള ദുരുപയോഗം തടയുന്നതിനുമായാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**